KSIDC

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

**Press Release**

**Kerala launches web portals to ease investment processes, promote good practices**

- **Portals will bolster investment, ensure transparency: Minister Rajeeve**

**Thiruvananthapuram, Nov. 06:** In a major initiative to streamline investment processes and promote responsible industrial practices, Kerala today launched two digital facilities for investors---Invest Kerala web portal and Kerala Responsible Industry Incentive Scheme portal.

Minister for Industry, Law and Coir, Shri P Rajeeve, unveiled the web portals at a function on the sidelines of Keraleeyam at Putharikandam Maidan in the city.

As one-stop solutions for investors, these portals will provide all information regarding the processes and protocols for making investments and the state's priorities in industrial sector in a comprehensive and easy to access manner, Shri Rajeeve said.

The launch of these portals reflected the government's commitment to fostering a robust, transparent and ethical business environment, which will contribute substantially to the economic development by attracting more investment, as envisaged by the Industrial Policy 2023.

The policy has laid emphasis on expediting industrial growth in a sustainable manner. The industries that make the best use of the human resource available in the state will get priority, the Minister said, adding he was confident that these digital facilities will together bolster investment and investors will respond positively to the initiative.

The Invest Kerala portal---https://www.invest.kerala.gov.in/-- is designed as a one-stop solution for entrepreneurs on all matters related to investment for obtaining assistance, getting reply to queries and accessing essential documents needed for setting up and expanding enterprises.

Kerala Responsible Industry Incentive Scheme portal -- http://kriis.kerala.gov.in/ -- will provide information on subsidies and incentives announced to promote sustainable and responsible industrial practices announced in the Kerala Industrial Policy 2023.

The portal facilitates industries to access these incentives by meeting specified criteria to contribute to the state's commitment to promote environmentally responsible and socially beneficial industrial growth.

The launch of these portals marks the leveraging of digital technology in a big way in strengthening the investment promotion in the state, Kerala State Industrial Development Corporation (KSIDC) Executive Director Smt Annie Jula IAS said.

Additional Director DI&C Dr K S Kripakumar, Board for Public Sector Transformation Executive Chairman Shri K Ajith Kumar, KINFRA MD Shri Santhosh Koshi Thomas, KSSIA State Vice President Fasiludeen and KSIDC Assistant General Manager (Investment Promotion) Smt Suni P S spoke.

KSIDC

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

പത്രക്കുറിപ്പ്

06.11.2023

## കേരളത്തിലെ വ്യവസായ നിക്ഷേപങ്ങളുമായി ബന്ധപ്പെട്ട സമഗ്രവിവരങ്ങൾക്കായി വെബ് പോർട്ടൽ

### ഇൻവെസ്റ്റ് കേരള, കേരള റെസ്പോൺസിബിൾ ഇൻഡസ്ട്രി ഇൻസെൻറീവ് സ്കീം പോർട്ടലുകൾക്ക് തുടക്കം

തിരുവനന്തപുരം: നിക്ഷേപം ആകർഷിക്കുന്നതിനും ഉത്തരവാദിത്ത വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുമായി വ്യവസായ വാണിജ്യ വകുപ്പ് രണ്ട് പോർട്ടലുകൾ ആരംഭിച്ചു. കേരളീയത്തിൻറെ ഭാഗമായി പുത്തരിക്കണ്ടം മൈതാനത്ത് നടന്ന ചടങ്ങിൽ വ്യവസായ മന്ത്രി പി.രാജീവ് വെബ് പോർട്ടൽ ഉദ്ഘാടനം ചെയ്തു. കേരളത്തിലെ വ്യവസായ മേഖലയുമായി ബന്ധപ്പെട്ട സമഗ്ര വിവരങ്ങൾ ഒരിടത്ത് നിന്ന് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പോർട്ടലുകൾ ആരംഭിച്ചതെന്ന് മന്ത്രി പറഞ്ഞു.

കേരളത്തിൽ നിക്ഷേപം നടത്താൻ ആഗ്രഹിക്കുന്നവർക്ക് എന്തെല്ലാം വിവരങ്ങൾ ആവശ്യമാണോ അതെല്ലാം ഒരു സൈറ്റിൽ തന്നെ ഉപഭോക്തൃ സൗഹൃദമായി ഇൻവെസ്റ്റ് കേരള പോർട്ടലിൽ ക്രമീകരിച്ചിരിക്കുന്നു. സംരംഭം ആരംഭിക്കുന്നതിനും സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നതിനും ഇത് സഹായകമാണ്. നിക്ഷേപവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും സംരംഭകർക്ക് സഹായം ലഭിക്കുന്നതിനും സംശയങ്ങൾക്ക് മറുപടി ലഭിക്കുന്നതിനും ഇതിലൂടെ സാധിക്കും. കേരളത്തിൽ വലിയ മുന്നേറ്റം ഉണ്ടാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷയെന്നും മന്ത്രി പറഞ്ഞു.

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

2023 ലെ കേരള വ്യാവസായിക നയത്തിൽ പ്രഖ്യാപിച്ച ഉത്തരവാദിത്ത നിക്ഷേപം ഉത്തരവാദിത്ത വ്യവസായം പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായാണ് കേരള റെസ്പോൺസിബിൾ ഇൻഡസ്ട്രി ഇൻസെൻറീവ് സ്കീം പോർട്ടൽ വികസിപ്പിച്ചിട്ടുള്ളത്. ഇവിടെയുള്ള മനുഷ്യവിഭവശേഷി ഉപയോഗിക്കാനുതകുന്ന വ്യവസായങ്ങൾക്കാണ് കേരളത്തിൽ മുൻഗണന. അത്തരം വ്യവസായങ്ങൾക്ക് പ്രത്യേക ഇൻസെൻറ്റീവ്സ് നൽകാൻ കഴിയുംവിധമാണ് പോർട്ടലുകൾ വികസിപ്പിച്ചിരിക്കുന്നത്. ഇതിലൂടെ നിക്ഷേപകർക്ക് വ്യവസായ പ്രോത്സാഹന പദ്ധതികൾ പ്രയോജനപ്പെടുത്താൻ സാധിക്കും. രണ്ട് പോർട്ടലുകളും കേരളത്തിൻറെ വ്യവസായ വളർച്ചയിൽ മുതൽക്കൂട്ടാകുമെന്നും കേരളത്തിലെ സംരംഭക സമൂഹം മികച്ച രീതിയിൽ ഈ അവസരം ഉപയോഗിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും മന്ത്രി കൂട്ടിച്ചേർത്തു.

സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി വ്യവസായം മുന്നോട്ട് കൊണ്ടുപോകുന്നതിന് പോർട്ടലുകൾ ഉപകരിക്കുമെന്ന് കെഎസ്ഐഡിസി എക്സിക്യൂട്ടീവ് ഡയറക്ടർ ആനി ജൂല പറഞ്ഞു. വ്യവസായ-വാണിജ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ. കെ.എസ് കൃപകുമാർ, ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫർമേഷൻ എക്സിക്യൂട്ടീവ് ചെയർമാൻ കെ.അജിത് കുമാർ, കിൻഫ്ര മാനേജിംഗ് ഡയറക്ടർ സന്തോഷ് കോശി തോമസ്, കെഎസ്എസ്ഐഎ സംസ്ഥാന വൈസ് പ്രസിഡൻറ് ഫസിലുദീൻ, കെഎസ്ഐഡിസി അസിസ്റ്റൻറ് ജനറൽ മാനേജർ (ഇൻവെസ്റ്റ്മെൻറ് പ്രൊമോഷൻ) സുനി പി.എസ് എന്നിവർ സംസാരിച്ചു. (ലിങ്ക്: invest.kerala.gov.in, kriis.kerala.gov.in).